**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1820** **09-12-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (എ) | നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ളപ്രദേശത്താണ് ഇപ്പോൾ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുത്തിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംയോജിത പരിചരണ മുറകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19200/- രൂപ നൽകുന്നു.<br><br>ഇതിൽതാഴെ പറയുന്ന ഘടകങ്ങളിൽ നിന്നും പ്രദേശത്തിന്റെ ആവശ്യാനുസരണം തെരെഞ്ഞെടുത്തു നടപ്പിലാക്കാവുന്നതാണ്.<br><br>(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്<br><br>(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്<br><br>(c) ഇടവിള കൃഷി - 6000രൂപ ഹെക്ടറിന്<br><br>(d)സംയോജിത വള പ്രയോഗം<br><br>i) കുമ്മായം - 9 രൂപ/തെങ്ങ്<br><br>ii) രാസവളം/ജീവാണുവളങ്ങൾ- 20രൂ/തെങ്ങ്<br><br>iii) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് 1v)ജൈവവളം - 25 രൂപ/തെങ്ങ്<br><br>(e)സംയോജിത സസ്യസംരക്ഷണം<br><br>i )സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്<br><br>ii) കീടനാശിനി പ്രയോഗം (ആവിശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ |

| | | | |
|---|---|---|---|
| | | | പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്.<br><br>iii)രോഗംബാധിച്ചതും ഉൽപ്പാദന ശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/തെങ്ങ്<br><br>iv) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ്<br><br>2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.<br><br>3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.<br><br>4. 4ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.<br><br>5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തനചെലവായി 1 ലക്ഷം രൂപ.<br><br>6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനികയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.<br><br>7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.<br><br>കൂടാതെ, താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുവാൻ സാധിക്കും . സംസ്ഥാന പ്ലാൻ വിഹിതമായി ഒന്നാം വർഷം 25.67 ലക്ഷം രൂപ ഒരു കേര ഗ്രാമത്തിന് അനുവദിക്കുന്നു . |
| (ബി) | കുണ്ടറ മണ്ഡലത്തിലെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നത്; വിശദമാക്കുമോ? | (ബി) | കുണ്ടറ മണ്ഡലത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ഗുണഫലം ലഭിച്ച കർഷകരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം | വർഷം | വിസ്തൃതി (ഹെ) | കേരഗ്രാമം | ഗുണഫലം ലഭിച്ച കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | 2016-17 | 500 | പെരിനാട് | 2095 |
| 2 | 2019-20 | 250 | നെടുമ്പന | 2800 |
| 3 | 2019-20 | 250 | തൃക്കോവിൽവട്ടം | 1300 |
| 4 | 2022-23 | 100 | കുണ്ടറ | ആക്ഷൻ പ്ലാൻ തയ്യാറാക്കൽ പുരോഗമിക്കുന്നു |